പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 234 — 09.03.2015-ൽ മറുപടിക്ക്.

## മലപ്പുറം ജില്ലയിലെ അഗ്നിരക്ഷാസേന നേരിടുന്ന പ്രയാസങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.ഉബൈദുള്ള | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ജീവനക്കാരുടെ കുറവും കേസ്സുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും കാരണം മലപ്പുറം ജില്ലയിലെ അഗ്നിരക്ഷാസേന നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫയർമാൻ തസ്തികയിലുള്ള ജീവനക്കാരുടെ കുറവ് ഹോംഗാർഡുകളെ നിയമിച്ച് അവരുടെ ജോലി ഭാരം കുറച്ച് വരുന്നു. |
| (ബി) ജില്ലയിലെ ഫയർ സ്റ്റേഷനുകളിൽ ഓരോന്നിലും ഫയർമാന്മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; അവ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | : | (ബി) മലപ്പുറം ജില്ലയിലെ ഫയർ സ്റ്റേഷനുകളിൽ താഴെപ്പറയും വിധം ഫയർമാന്മാരുടെ ഒഴിവുകൾ ഉണ്ട്. അവ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>1) മലപ്പുറം - 13<br>2) തിരൂർ - 13<br>3) പൊന്നാനി - 15<br>4) നിലമ്പൂർ -15<br>5) പെരിന്തൽമണ്ണ -6 |
| (സി) ഫയർ സ്റ്റേഷനുകളിൽ എത്രയും വേഗം ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ; | : | (സി) പി.എസ്.സി ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് നിലവിലുള്ള ഒഴിവുകൾ നികത്തും. |
| (ഡി) ജില്ലയിൽ പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ പുരോഗതികൾ വ്യക്തമാക്കാമോ? | : | (സി) സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള സ്ഥലങ്ങളിൽ മാത്രമേ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു മുൻഗണന നൽകി വരുന്നുള്ളു. |

സെക്ഷൻ ഓഫീസർ